## 566

1 സ്തുതിപ്പിൻ സ്തുതിപ്പിൻ ദൈവജനമേ!
സ്തുതികളിന്മേൽ വസിക്കും പ്രിയനെ
അനുദിനമവൻ ചെയ്ത നന്മകൾ അനൽപ്പമേ! മനം മറക്കുമോ?

2 ഉണർന്നുഘോഷിപ്പിൻ സ്വന്തജനമേ
ഹൃദയം നന്ദിയാൽ നിറഞ്ഞു കവിയട്ടെ
പാപകൂപത്തിൽ കിടന്ന നാമിന്നു പരന്റെ വാഗ്ദത്തസുതരല്ലോ

3 വിളിച്ചവനുടെ ഗുണങ്ങൾ ഘോഷിപ്പാൻ
തിരഞ്ഞെടുത്തതാം വിശുദ്ധവംശമേ
ജയപ്രഭുവിന്റെ കൃപ ലഭിച്ചതാൽ ജയത്തിൻ ഘോഷങ്ങൾ മുഴക്കിടാം-

4 പരന്റെ സ്നേഹത്താൽ പരം പ്രകാശിപ്പാൻ
പരിശുദ്ധനുടെ പരമസംഘമേ!
കരങ്ങളിൽ നമ്മെ വഹിക്കുന്നോനവൻ ഭാരങ്ങൾ ദിനം ചുമന്നിടും

5 കൃപയിന്നാത്മാവിൽ നിറയാം നമ്മുടെ
ദുരിതങ്ങൾ ഹിമം പോലെ അഴിയട്ടെ
പരമവിളിയുടെ വിരുതിനായ് നമ്മെ വിളിച്ചവനെന്നും നടത്തിടും- **P.P.M.**